# മാവേലിക്കര പടിയോല

ബാവായും പുത്രനും റൂഹാദക്കുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ പള്ളികൾ ഒക്കെയുടെ മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത് സിംഹാസനത്തിൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന ബാവാന്മാരുടെ ബാവായും തലവരുടെ തലവനുമായ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ച കീൾ മലെംകരെ യാക്കോബായ സുറിയാനിപ്പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തരവൻ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽ ഉൾപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മശിഹാകാല 1836 ക്ക് ചെന്ന് കൊല്ലം 1011-മാണ്ട് മകരമാസം 5-ന് തമ്പുരാനെപെറ്റ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കരപള്ളിയിൽ വച്ച് നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനിക്കപ്പെട്ടിരിക്കുന്ന ലാർഡ് ബിഷോപ്പ് ദാനിയൽ സായ്പവർകൾ കഴിഞ്ഞ വൃശ്ചികമാസത്തിൽ കോട്ടയത്തു വന്നു മെത്രാപ്പോലീത്തായുമായിട്ടു കണ്ടശേഷം നമ്മുടെ സുറിയാനിപ്പള്ളികളിൽ നടന്നുവരുന്ന കുർബാന, നമസ്ക്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസം വരുത്തി നടത്തണമെന്നും, പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായിട്ട് വിചാരിച്ചു നിശ്ചയിച്ചു ബോധിപ്പിച്ചുകൊള്ളാമെന്നും പറഞ്ഞിരിക്കുന്ന സംഗതിക്ക്.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയർക്കീസിന്റെ വാഴ്ച കീഴ്പ്പെട്ടവരും അദ്ദേഹത്തിന്റെ കൽപ്പനയാൽ അയയ്ക്കപ്പെട്ട മേല്പ്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതും ആകയാൽ ആയതിനു യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ മറ്റൊരു മതക്കാരും അറുവിക്കയും പഠിപ്പിക്കയും ചെയ്ത ഒരുത്തർക്കും അധികാരമില്ലാത്തതിനാൽ ആയതിൻവണ്ണം നടത്തിക്കയും ചെയ്യുന്നതിനു നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കൽപ്പനയാൽ അയയ്ക്കപ്പെട്ടിരിക്കുന്ന മേൽപ്പട്ടക്കാരുടെ സഹായത്താലും അതത് ഇടവകയിലുള്ള ജനങ്ങളുടെ മനസ്സാലും പണിയിക്കപ്പെട്ട അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടുണ്ടാകുന്ന നടവരവുകൾ അന്ത്യോഖ്യായിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലും ഉള്ള അന്യമതക്കാരുടെ പള്ളികളിലും നടന്നുവരുന്നപ്രകാരം നമ്മുടെ പള്ളികളിലെ കണക്ക് നമ്മുടെ മേൽപട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടി നടന്നുവരുന്നതിൻവണ്ണം അല്ലാതെ വ്യത്യാസമായിട്ടു നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല.

കൊല്ലം 983-മാണ്ട് കാലം ചെയ്ത വല്യ മാർ ദീവന്നാസ്യോസ് മെത്രോപ്പോലീത്തായോട് ബഹുമാനപ്പെട്ട കർണ്ണൽ മെക്കാളി സായ്പവർകൾ മൂവായിരം പുവരാഹൻ കടം വാങ്ങി കടമുറി എഴുതിയതും കൊടുത്ത പലിശ പറ്റി വന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം 992-മാണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹുമാനപ്പെട്ട കർണ്ണൽ മൺട്രോ സായ്പവർകളെ ബോധിപ്പിച്ചു വാങ്ങിച്ചു കോട്ടയത്തു സെമിനാരി പണിയിച്ച മുൻ അന്ത്യോഖ്യായിൽനിന്നും വന്നിരുന്ന മേൽപ്പട്ടക്കാരെക്കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തറവാട്ടിൽ കഴിഞ്ഞ മേൽപ്പട്ടക്കാരുടെ വസ്തുവകകളും സെമിനാരിയിൽ വരുത്തി ആ വകയിലും ഏതാനും ദ്രവ്യങ്ങളും സുറിയാനിപൈതങ്ങൾക്കുവേണ്ടി ധർമ്മായിട്ട് തമ്പുരാൻ തിരുമനസ്സുകൊണ്ട് കല്പിച്ചുതന്ന രൂപായും കാണം ഇട്ട് പഠിച്ചുവരുന്ന പൈതങ്ങളുടെ ചിലവുകഴിക്കയും അവരുടെ ധാരാളമായ കൃപ കൊണ്ടുതന്നെ കോട്ടയത്തു വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിശിയോനരി സായ്പന്മാരവർകൾ ഈ സെമിനാരിയിൽ വന്ന ഇംക്ലെഷ മുതലായ ഭാഷകൾ പഠിപ്പിച്ച് കൃപയുള്ള പിതാക്കന്മാരെപ്പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ട് പുസ്തകങ്ങൾ അച്ചടിപ്പിക്കയും നമ്മുടെ പള്ളികളിൽ നടന്നുവരുന്ന സുറിയാനി മര്യാദപോലെ നടക്കുന്നതിനു സായ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്യുകയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുചീട്ട് എഴുതിക്കൊടുത്ത് വാങ്ങിച്ച് സെമിനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കയും ജനങ്ങളുടെ അപേക്ഷപ്രകാരവും മേൽപട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കയും ചെയ്തുവരുമ്പോൾ മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ സെമിനാരിപെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റു ചിട്ടി പ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായിപ്പന്മാരു തന്നെ ചിലവിടുകയും പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരെ സെമിനാരിയിൽ നിന്നും പിരിച്ച് അയയ്ക്കയും നമ്മുടെ വക മര്യാദയ്ക്ക് വിരോധമായിട്ട് വിചാരിക്കയും തമ്മിൽ ഛിദ്രങ്ങളെ ഉണ്ടാക്കയും ചെയ്തുവരുന്ന ഏറ്റവും സങ്കടകരവും ബുദ്ധിമുട്ടുമായിത്തീർന്നിരിക്കുന്നതിനാൽ എന്നേക്കും ഭാഗം നിറയപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാധി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവരുമായ തമ്പുരാനെ പെറ്റ അമ്മയുടെ നമസ്ക്കാരത്തിലും ശുദ്ധമാകപ്പെട്ടവരുടെ നമസ്ക്കാരങ്ങളാലെയും നാം രക്ഷപ്പെടേണ്ടതിനു സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലും അല്ലാതെ വേറെ യാതൊരു പഠിത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചു കൊള്ളുന്നില്ല. ഇവമേൽ ബാവായും പുത്രനും റൂഹാദക്കുദിശായും സാക്ഷി ആമ്മീൻ.